"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെൽപാം നൊങ്ക് ബങ്ക് വിപണന ശൃംഖല - 'ഇടം' പോയിന്റ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബങ്കുകൾ സ്ഥാപിക്കുന്നതിന് ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.814/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. കേരള സംസ്ഥാന പനയുല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാന്റെ 03.01.2025-ലെ കെൽപാം/E1/154/18/TC/BUNK നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 4.11

**ഉത്തരവ്**

കേരള സംസ്ഥാന പനയുല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷന്റേയും (കെൽപാം) കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷന്റേയും സംയുക്ത സംരംഭമാണ് 'ഇടം' പോയിന്റ് (IDAM- Initiative of Differently Abled Movement). അർഹരായ ഭിന്നശേഷി ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തിക്കൊടുക്കുകയാണ് 'ഇടം' പദ്ധതിയുടെ ലക്ഷ്യം. കെൽപാമിന്റെ കരിമ്പന ഉല്പന്നങ്ങളായ പനം കരുപ്പെട്ടി, പനം കൽക്കണ്ടം, നൊങ്ക് കൊണ്ടുള്ള ശീതള പാനീയങ്ങൾ മറ്റ് വൈവിധ്യങ്ങളായ ഉല്പന്നങ്ങൾ എന്നിവ ബങ്ക് മുഖേന വിൽക്കുന്നത് വഴി ഭിന്നശേഷിക്കാർക്ക് ന്യായമായ വരുമാനം നേടികൊടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം ഭിന്നശേഷി ഗുണഭോക്താക്കളെ വെച്ച് സംസ്ഥാനത്തുടനീളം ബങ്ക് സ്ഥാപിച്ച് ഇതിന്റെ വില്പന പ്രോത്സാഹിപ്പിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും, അർഹരായ ഭിന്നശേഷി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കണമെന്നും കെൽപാം ചെയർമാൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒരു സംരംഭം എന്ന നിലയിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'ഇടം' പോയിന്റ് നൊങ്ക് ബങ്ക് മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ മേൽ ഖണ്ഡികയിൽ പറഞ്ഞ ഉല്പന്നങ്ങൾ മുടക്കം കൂടാതെ കെൽപാം ലഭ്യമാക്കാമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്ന മുറയ്ക്ക്, അപ്രകാരമുള്ള പ്രദേശത്തു മാത്രമേ ബങ്ക് സ്ഥാപിക്കാൻ

പാട്ടുള്ളൂ. ഭിന്നശേഷി വിഭാഗക്കാരുടെ സംരംഭത്തിന് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന സബ്സിഡി ബങ്ക് സ്ഥാപിക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. ചെയർമാൻ, കെൽപാം, കുംഭംവിള, കൊറ്റാമം, അറയൂർ- 695122
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 27-03-2025 10:07:45

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്